# ഫാറം 45
## [ചട്ടം 82(1) കാണുക]

## ടൂറിസ്റ്റ് വാഹനങ്ങൾക്ക് പെർമിറ്റ് അനുവദിക്കുന്നതിനുള്ള അപേക്ഷ

സ്വീകർത്താവ്

സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി,

..................................................

താഴെ ഒപ്പിട്ടിരിക്കുന്ന എന്റെ/ഞങ്ങളുടെ ടൂറിസ്റ്റ് വാഹനത്തിന് ഇന്ത്യ ഒട്ടാകെ/...........................................................................................................................സംസ്ഥാനത്ത് (സംസ്ഥാനങ്ങളുടെ പേര് രേഖപ്പെടുത്തുക) ഓടിക്കുന്നതിന് ടൂറിസ്റ്റ് പെർമിറ്റ് അനുവദിക്കാൻ ഇതിനാൽ അപേക്ഷിക്കുന്നു.

1. അപേക്ഷകന്റെ/ുടെ മുഴുവൻ പേര് :

2. അപേക്ഷകന്റെ പദവി, വ്യക്തിയാണോ, കമ്പനിയാണോ പങ്കാളിത്ത സ്ഥാപനമാണോ, സഹകരണസംഘം മുതലായവയാണോ :

3. വ്യക്തിയാണെങ്കിൽ ഭർത്താവിന്റെയോ അച്ഛന്റെയോ പേര്/സ്ഥാപനമോ കമ്പനിയോ ആണെങ്കിൽ മാനേജിംഗ് പാർട്ണർ അല്ലെങ്കിൽ മാനേജിംഗ് ഡയറക്ടറുടെ വിവരം :

4. പൂർണ്ണമായ മേൽ വിലാസം :
(വ്യക്തിയാണെങ്കിൽ റേഷൻ കാർഡിന്റെയോ വൈദ്യുതി ബില്ലിന്റെയോ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അല്ലെങ്കിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിക്ക് തൃപ്തികരമായ സാധുതയുള്ള മറ്റ് രേഖകളോ ഹാജരാക്കേണ്ടതും കമ്പനി-യോ സ്ഥാപനമോ ആണെങ്കിൽ സാക്ഷ്യപ്പെടുത്തിയ മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെ പകർപ്പ് അല്ലെങ്കിൽ പാർട്ണർഷിപ്പ് ഉടമ്പടി ഹാജരാക്കേണ്ടതുമാ-ണ്)

5. എ. അപേക്ഷകൻ തന്നെയാണോ വാഹനം ഓടിക്കുവാൻ ഉദ്ദേശിക്കുന്നത് :

ബി. അങ്ങനെയാണെങ്കിൽ, അപേക്ഷകൻ

(i) വലിയ യാത്രാ വാഹനം ഓടിക്കുവാനുള്ള ലൈസൻസ് ഉള്ള ആളാണോ? :

(ii) ഡ്രൈവിംഗ് ലൈസൻസിന്റെ നമ്പർ, തീയതി, സാധുതാ കാലാവധി :

(iii) ലൈസൻസിംഗ് അധികാരിയുടെ പേരും വിലാസവും :

6. ആദ്യമായി രജിസ്റ്റർ ചെയ്ത തീയതി ഉൾപ്പെടെയുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റും, ഇൻഷ്വറൻസ് സർട്ടിഫിക്കേറ്റ് നമ്പരും :

7. ഒരു പ്രത്യേക വാഹനത്തെ സംബന്ധിച്ച് മറ്റേതെങ്കിലും പെർമിറ്റ് കൈവശമുണ്ടെങ്കിൽ അതിന്റെ വിവരം :

8. അപേക്ഷകന്റെ കൈവശം ആകെയുള്ള ടൂറിസ്റ്റ് പെർമിറ്റുകളുടെ എണ്ണം :

9. വാഹനത്തിന്റെ തരം :

10. വാഹനത്തിന്റെ നിർമിതി :

11. അപേക്ഷകന്റെ(രുടെ) കൈവശമുള്ള പെർമിറ്റിന്/ വാഹനത്തിന് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ശിക്ഷ/സസ്പെൻഷൻ/റദ്ദാക്കൽ എന്തെങ്കിലും ഉണ്ടെങ്കിൽ അവയുടെ വിവരം :

12. ഞാൻ/ഞങ്ങൾ ഇതോടൊപ്പം വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നു. അല്ലെങ്കിൽ പെർമിറ്റ് നൽകുന്നതിന് മുമ്പ് ഞാൻ/ഞങ്ങൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ്. :

13. ഞാൻ/ഞങ്ങൾ മുകളിൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണെന്നും ഞാൻ/ഞങ്ങൾ ഈ സംസ്ഥാനത്ത് താമസിക്കുന്ന ആൾ/ആളുകൾ ആണെന്നും പ്രധാനമായും ഈ സംസ്ഥാനത്ത് ..............................................സ്ഥലത്ത് ബിസിനസ് ചെയ്യുന്നതാണെന്നും ഇതിനാൽ പ്രസ്താവിക്കുന്നു.

14. ഞാൻ/ഞങ്ങൾ ...................................രൂപ ഫീസ് അടച്ചിട്ടുണ്ട്.

തീയതി: അപേക്ഷകന്റെ ഒപ്പ്